ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/72/2026-P3 (PEN) തീയതി: 03-07-2026

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം , തിരുവനന്തപുരം - സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേരിലുള്ള ബാധ്യത / ബാധ്യത രഹിത സാക്ഷ്യപത്രം - സംബന്ധിച്ച്

സൂചന :- 1.G.O(P) No.185/2002/Fin Dated: 27.03.2002
2.G.O(P) No.55/2019/Fin Dated: 04.05.2019
3.G.O(P) No.89/2021/Fin Dated: 28.06.2021
4. G.O(P) No.46/2023/Fin Dated: 08.05.2023
5.16.09.2025- ലെ ഈ കാര്യാലയത്തിൽ നിന്നുള്ള DTETVM/1808/2025 - P2(PEN) നമ്പർ പരിപത്രം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന എല്ലാ ജീവനക്കാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മേൽ ഉത്തരവിലെ നിർദേശങ്ങൾ കർശനമായും പാലിക്കേണ്ടതും , ഓഡിറ്റ് പൂർത്തിയായ കാലഘട്ടത്തിൽ ജീവനക്കാരൻറെ പേരിൽ സാമ്പത്തിക ബാധ്യത നിശ്ചയിക്കാവുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ അവശേഷിക്കുന്നില്ല എന്നു ഉറപ്പുവരുത്തി മാത്രം ബാധ്യത രഹിത സാക്ഷ്യപത്രം അനുവദിക്കേണ്ടതുമാണ്.

ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നതിനും, ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിനും സ്ഥാപന മേധാവികൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും, ഓഡിറ്റ് നടപടികൾ /അച്ചടക്ക നടപടി ഉണ്ടെങ്കിൽ പൂർത്തീകരിക്കുന്നതിന് സാങ്കേതിക തടസ്സമുള്ള പക്ഷം Annexure 2(a)/2(b) മാതൃകയിലുള്ള സമ്മത പത്രത്തിൻറെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് മേഖലാ കാര്യാലയത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നും വിരമിക്കുന്ന സ്ഥാപന മേധാവികളുടെ ബാധ്യത രഹിത സാക്ഷ്യപത്രം അനുവദിക്കുന്നതിക്കുന്നതിൽ സൂചന (5) പരിപത്രം പ്രകാരമുള്ള നടപടി കർശനമായും പാലിക്കേണ്ടതാണ്.

Digitally signed by
SUBHALEKSHMY R
Date: 03-07-2026
16:00:56

SUBHALEKSHMY R
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി